## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **05-07-2022 - ൽ മറുപടിയ്ക്ക്**

## പാഠ്യ പദ്ധതിയിൽ കൃഷി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പാഠ്യ പദ്ധതിയിൽ കൃഷി ഉൾപ്പെടുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കൃഷി സംസ്കാരം വിദ്യാർത്ഥികളിൽ ഉണർത്തുമാറ് പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി ഉൾപ്പെടുത്തുവാൻ കൃഷി വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് നിരവധി പദ്ധതികൾ വിദ്യാർത്ഥികളിൽ കാർഷിക അവബോധം സൃഷ്ടിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം:<br><br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>(b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി:<br><br>സംസ്ഥാനത്ത് സ്കൂളുകളിലും (സ്ഥല പരിമിതി കണക്കിലെടുക്കാതെ), മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മറ്റു സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി |

| | | | |
|---|---|---|---|
| | | | കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. പ്രോജക്ട് അടിസ്ഥാനത്തിലാണ് ഈ ഘടകം നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>(c) വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ:<br><br>കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകി വരുന്നു.<br><br>(ഡി) ഞങ്ങളും കൃഷിയിലേക്ക്:<br><br>എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ബി) | വിദ്യാർത്ഥികളിൽ കാർഷിക അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കൃഷി സംസ്കാരം വിദ്യാർത്ഥികളിൽ ഉണർത്തുമാറ് പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി ഉൾപ്പെടുത്തുവാൻ കൃഷി വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് നിരവധി പദ്ധതികൾ വിദ്യാർത്ഥികളിൽ കാർഷിക അവബോധം സൃഷ്ടിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം:<br><br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറി തൈകളും |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>(b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി:<br><br>സംസ്ഥാനത്ത് സ്കൂളുകളിലും (സ്ഥല പരിമിതി കണക്കിലെടുക്കാതെ), മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മറ്റു സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. പ്രോജക്ട് അടിസ്ഥാനത്തിലാണ് ഈ ഘടകം നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>(c) വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ:<br><br>കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകി വരുന്നു.<br><br>(ഡി) ഞങ്ങളും കൃഷിയിലേക്ക്:<br><br>എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. |

സെക്ഷൻ ഓഫീസർ